# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1721

13.07.2011-ൽ മറുപടിക്ക്.

## അങ്കമാലിയിൽ സ്ഥാപിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| ഇൻകെല്ലിന്റെ സഹകരണത്തോടെ അങ്കമാലിയിൽ ടെൽക്കിന് സമീപം സ്ഥാപിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂളിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | സംസ്ഥാന സർക്കാരിനു 26% ഓഹരിയുള്ള ഒരു സ്വകാര്യ സ്ഥാപനമാണ് ഇൻകെൽ. അങ്കമാലിയിൽ സ്ഥാപിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾസിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.<br><br>അങ്കമാലിയിൽ ടെൽക്കിനു സമീപം ഇൻകെലിന്റെ സഹകരണത്തോടെ അഞ്ചര ഏക്കറിൽ രണ്ടുഘട്ടങ്ങളിലായിട്ടാണ് സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂളുകൾ പൂർത്തിയാകുന്നത്. ആദ്യ ഘട്ടത്തിൽ രണ്ടു ലക്ഷം ചതുരശ്ര അടി സ്ഥലത്ത് 5000 ചതുരശ്ര അടിയുടെ 40 മോഡ്യൂളുകൾ 5 നിലയിലായിട്ടാണ് നിർമ്മിക്കുന്നത്. വ്യവസായത്തിനാവശ്യമായ വെള്ളം, വൈദ്യുതി, റോഡുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇവിടെ ഒരുക്കുന്നതാണ്. 88 വർഷത്തേക്കുള്ള പാട്ടത്തിനായിരിക്കും ഈ മോഡ്യൂളുകൾ നൽകുന്നത്. ഐ.ടി, ഐ.ടി അനുബന്ധം, ലൈറ്റ് എൻജിനീയറിംഗ്, ഇലക്ട്രിക്കൽസ്, ഇലക്ട്രോണിക്സ്, ഏവിയോണിക്സ്, പ്രിന്റിങ്ങ് & പബ്ലിഷിങ്ങ്, വെയർ ഹൗസിങ്ങ് & ലോജിസ്റ്റിക്സ്, ബാങ്കിംഗ്, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഇവ അനുയോജ്യമായിരിക്കും. പരിസ്ഥിതി സൗഹൃദ സംരഭങ്ങൾക്കായിരിക്കും ഈ മോഡ്യൂളുകൾ അനുവദിക്കുക.<br><br>ആദ്യ ഘട്ടം 2012 മാർച്ചിൽ പൂർത്തിയാക്കു--വാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ 4 ലക്ഷം ചതുരശ്ര അടിയാണ് വികസിപ്പിക്കുന്നത്. നിർദ്ദിഷ്ട സ്ഥലത്തു നിർമ്മാണപ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ